**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2348** **27-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സമ്പദ് ഘടന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്ത് നടപ്പാക്കിയ ജി.എസ്.ടി, നോട്ട് നിരോധനം, സംസ്ഥാനത്തുണ്ടായ പ്രകൃതി ദുരന്തങ്ങൾ, കോവിഡ് മഹാമാരി എന്നിവ സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ ഏൽപ്പിച്ച ആഘാതം വിലയിരുത്തിയിട്ടുണ്ടോ; | (എ) | കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നോട്ട് നിരോധനവും ചരക്ക് സേവന നികുതിയും സംസ്ഥാനത്തുണ്ടായ പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരി അടക്കമുള്ള മറ്റ് പ്രതിസന്ധികളും സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ ഏൽപ്പിച്ച ആഘാതം സർക്കാർ ഓരോ ഘട്ടത്തിലും കൃത്യമായി വിലയിരുത്തുകയും സാദ്ധ്യമായ പുനരുജ്ജീവന പ്രവർത്തനങ്ങൾ കൈക്കൊള്ളുകയും ചെയ്തിരുന്നു. മാന്ദ്യ വിരുദ്ധ പാക്കേജുകൾ അടക്കമുള്ളവ ടി പ്രവർത്തനങ്ങളുടെ ഭാഗമായിരുന്നു. തത്ഫലമായി മാന്ദ്യത്തിൽ ഉഴലുകയായിരുന്ന സമ്പദ്ഘടനയെ ഒരു പരിധി വരെ വളർച്ചയുടെ പാതയിൽ തിരികെ കൊണ്ടു വരാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാന സമ്പദ് ഘടനയിൽ നോട്ട് നിരോധനം ഏൽപ്പിച്ച ആഘാതത്തിൽ നിന്നും പൂർണ്ണമായി മുക്തമാകുവാൻ സാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | നോട്ട് നിരോധനം സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ സൃഷ്ടിച്ച പ്രതികൂല അനുരണനങ്ങൾ തുടരുന്നുവെന്നത് വസ്തുതയാണ്. എന്നിരുന്നാലും നിലവിൽ ഒരു പരിധി വരെ അതിൽ നിന്നും കരകയറുവാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. 2021-22 –ൽ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനം സ്ഥിരവിലയിൽ 12.01 ശതമാനം കണ്ട് വളർന്നിട്ടുള്ളത് ഇതിന് ദൃഷ്ടാന്തമാണ്. |

സെക്ഷൻ ഓഫീസർ